നം.വൈ(1)/15000/16/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 09.09.2016

# സർക്കുലർ

വിഷയം :- പൊ.വി. - ഊർജ്ജ സംരക്ഷണം - വിദ്യാലയങ്ങളിൽ ചിത്രരചന മത്സരം സംഘടിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന :-

ഉർജ്ജസംരക്ഷണവുമായി ബന്ധപ്പെട്ട് ദേശീയ തലത്തിൽ അവബോധം നടകുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഗവൺമെന്റ്, എയ്ഡഡ്, അംഗീകൃത എയ്ഡഡ് മേഖലയിലെ വിദ്യാർത്ഥികൾക്കായി ചിത്രരചനാ മത്സരം സ്കൂളുകളിൽ എ, ബി എന്നീ രണ്ട് വിഭാഗങ്ങളിലായി മത്സരം സംഘടിപ്പിക്കേണ്ടതുണ്ട്. 4-ാം തരം മുതൽ 6 -ാം വരെ 'എ' വിഭാഗത്തിലും 7 -ാം തരം മുതൽ 9 -ാം തരം വരെ 'ബി' വിഭാഗത്തിലുമായിരിക്കണം മത്സരം നടത്തേണ്ടത്. മത്സര നടത്തിപ്പിന്റെ നിർദ്ദേശങ്ങളും വിഷയങ്ങളും ചുവടെ ചേർക്കുന്നു.

| വിഭാഗം എ | വിഭാഗം ബി |
|---|---|
| ഒരുപാട് മിച്ചത്തിനായി/ലാഭത്തിനായ് ഒരു വാട്ട് (Watt) സംരക്ഷിക്കൂ/ പരിരക്ഷിക്കൂ | കാര്യക്ഷമതയുള്ള നഗരത്തിന് ഒരു ചുവട് - ഊർജ്ജ സംരക്ഷണം |
| | ആളോഹരി കാർബൺ ബഹിർഗമനം കുറയ്ക്കുക/കുറവ് വരുത്തുക |
| | സൗരോർജ്ജത്തിലേയ്ക്ക് നീങ്ങുക, ധ്രുവ പ്രദേശങ്ങളിലെ പരിപാലനത്തിനായി |

**നിർദ്ദേശങ്ങൾ**

- 2 മണിക്കൂർ ആണ് ചിത്രരചനാ മത്സരത്തിന്റെ സമയ ദൈർഘ്യം.
- ചിത്രമെഴുത്ത് പേപ്പർ എ4 സൈസിലായിരിക്കണം (8.3 x 11.7") (210 x 297 mm)
- ചിത്രരചനാ സാമഗ്രികൾ : പെൻസിൽ, കളർ പെൻസിൽ, മെഴുകും ജലഛായവും ചിത്രമെഴുത്ത് ബോർഡും ഉപയോഗിക്കാവുന്നതാണ്.
- തെരഞ്ഞെടുക്കുന്ന വിഷയത്തിന്റെ പ്രസക്തി പ്രതിപാദിക്കേണ്ടതാണ്.

- വ്യക്തത വരുത്തുന്നതിലേയ്ക്കായി മുദ്രാവാക്യം, ചിത്രവിവരണം, ഐതിഹ്യം എന്നിവ ഉപയോഗിക്കാവുന്നതാണ്.

- ആശയവിനിമയത്തിനുള്ള സന്ദേശം ഉൾക്കൊള്ളേണ്ടതാണ്.

- നൂതനവും/സൃഷ്ടിപരവും/പുതിയ ആശയങ്ങൾ/പുതിയ സാങ്കേതിക വിദ്യ എന്നിവ ചിത്രരചനയിൽ പ്രതിഫലിക്കണം.

- ഒട്ടിച്ച് ഉണ്ടാക്കിയ ചിത്രം, ഒട്ടിചേർക്കുന്നത് എന്നിവ അനുവദിക്കുന്നതല്ല.

**മത്സരത്തിനെത്തുന്ന മത്സരാർത്ഥികൾ താഴെപ്പറയുന്ന കാര്യങ്ങൾ രേഖ പ്പെടുത്തി അപേക്ഷ സമർപ്പിക്കേണ്ടതാണ്.**

മത്സരത്തിനെത്തുന്ന മത്സരാർത്ഥിയുടെ പേര്, അച്ഛന്റെ പേര്, മൊബൈൽ നമ്പർ, ക്ലാസ്സ്, ആൺ/പെൺ, റോൾ നമ്പർ, സ്കൂളിന്റെ പേരും അഡ്രസും, ഗ്രാമപ്രദേശം/നഗരം, സംസ്ഥാനം, സ്കൂളിന്റെ മൊബൈൽ നമ്പരും ഇ-മെയിൽ ഐഡിയും, കുട്ടിയുടെ/രക്ഷകർത്താവിന്റെ എന്നീ വിവരങ്ങൾ ഇ-മെയിൽ ഐഡി, ചിത്രരചനയുടെ മറുവശത്ത് രേഖപ്പെടുത്തി സ്കൂൾ ഹെഡ്മാസ്റ്റർ, പ്രിൻസിപ്പാൾ മാർ ഒപ്പ് വയ്ക്കേണ്ടതാണ്.

ബന്ധപ്പെട്ട ഹെഡ്മാസ്റ്റർ/പ്രിൻസിപ്പാൾ സ്കൂൾ തലത്തിലുള്ള പെയിന്റിംഗ് മത്സരം നടത്തേണ്ടതും ഓരോ വിഭാഗത്തിലും മികച്ച രണ്ട് പെയിന്റിംഗ്സ് തെരഞ്ഞെടുക്കേണ്ടതും പങ്കെടുത്ത മുഴുവൻ മത്സരാർ ത്ഥികളുടെയും വിശദവിവരം അനക്സർ 2 - ആയി 30.09.2016 നകം നോഡൽ ആഫീസർ ശ്രീ.കെ.ശ്രീകുമാർ, ഡെപ്യൂട്ടി ജനറൽ മാനേജർ (എച്ച്.ആർ) & നോഡൽ ആഫീസർ, NTPC Ltd., Rajeev Gandhi Compained Cycle Power Project, P.O Chooltheruv, Alappuzha, Pin - 690506 എന്ന നോഡൽ ആഫീസറുടെ വിലാസത്തിൽ തപാൽ മുഖേന അയച്ചുകൊടുക്കേണ്ടതാണ്.

സ്കൂൾതല മത്സരത്തിൽ പങ്കെടുക്കുന്ന എല്ലാ മത്സരാർത്ഥികൾക്കും ഇന്ത്യാ ഗവൺമെന്റിന്റെ Ministry of Power, Director General Bureau of Energy Efficiency യും സ്കൂൾ പ്രിൻസിപ്പാൾ/ഹെഡ്മാസ്റ്റർ ഒപ്പ് വച്ച സർട്ടിഫിക്കറ്റ് നൽകുന്നതാണ്.സ്കൂൾ പ്രിൻസിപ്പാൾ/ഹെഡ്മാസ്റ്റർ ഒപ്പ് വയ്ക്കാത്തതും രക്ഷകർത്താക്കൾ നേരിട്ട് അയയ്ക്കുന്ന ചിത്രരചനകൾ സ്വീകരിക്കുന്നതല്ല.

നിന്നും അവാർഡ് നേടുന്ന മത്സരാർത്ഥികൾക്ക് 14.12.2016 ൽ ഡൽഹിയിൽ നടക്കുന്ന ചടങ്ങിൽ വച്ച് താഴെപ്പറയുന്ന തുക സമ്മാനമായി നൽകുന്നു.

| | | |
|---|---|---|
| ഒന്നാം സ്ഥാനം | - | 1,00,000/- രൂപ |
| രണ്ടാം സ്ഥാനം (2 പേർക്ക്) | - | 50,000/- രൂപ |
| മൂന്നാം സ്ഥാനം (3 പേർക്ക്) | - | 25000/- രൂപ |
| പ്രോത്സാഹന സമ്മാനം (6 പേർക്ക്) | - | 10,000/- രൂപ |

നാഷണൽ ലെവലിൽ പങ്കെടുക്കുന്ന മത്സരാർത്ഥികൾക്കും രണ്ട് എസ്കോർട്ടിങ്ങ് വ്യക്തികൾക്കും AC 3 Tier Train Fare ഉം മത്സരാർത്ഥിക്ക് Incidential തുകയായി 2,000/- രൂപയും സർട്ടിഫിക്കറ്റും നൽകുന്നതാണ്. നാഷണൽ ലെവൽ വിജയികൾക്ക് National Energy Conservation Day ആയ 14.12.2016 ന് ഡൽഹിയിൽ നടക്കുന്ന ചടങ്ങിൽ വച്ച് മുഖ്യഅതിഥി സമ്മാനം വിതരണം ചെയ്യുന്നതാണ്. ദേശീയതല മത്സരാർത്ഥികൾക്ക് താമസസൗകര്യം ലഭ്യമാക്കുന്നതാണ്. സ്കൂൾതലം മുതൽ തെരഞ്ഞെടുക്കപ്പെട്ട് മത്സരത്തിന് അയയ്ക്കപ്പെടുന്ന ചിത്രങ്ങളുടെ പരിപൂർണ്ണ അവകാശം B E E യിൽ നിക്ഷിപ്തവും ഈ ചിത്രങ്ങൾ മറ്റേത് ആവശ്യങ്ങൾക്കും ഉപയോഗിക്കാൻ അവകാശവുമു ണ്ടായിരിക്കും.

വിദ്യാർത്ഥികൾക്കിടയിലെ കലാഭിരുചിയുള്ള കുട്ടികളുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും പ്രകടിപ്പിക്കുന്നതിനും ഉള്ള ഈ അവസരം പ്രയോജന പ്പെടുന്ന തരത്തിൽ ഈ മത്സരങ്ങളുടെ നടത്തിപ്പിന് വിദ്യാഭ്യാസ ആഫീസർമാരുടെ പരിപൂർണ്ണ സഹകരണം ഉണ്ടാകണമെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

പകർപ്പ്:-

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
(അവരവരുടെ അധികാര പരിധിയിൽ വരുന്ന എല്ലാ ഹൈസ്കൂൾ പ്രഥമ അധ്യാപകർക്കും വേണ്ട നിർദ്ദേശങ്ങൾ നൽകേണ്ടതാണ്)